**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 433** | **28-06-2022 - ൽ മറുപടിയ്ക്ക്**

**പാറശാല മണ്ഡലത്തിലെ പനച്ചമൂട് മത്സ്യ മാർക്കറ്റ് നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | പാറശാല മണ്ഡലത്തിലെ വെള്ളറട ഗ്രാമപഞ്ചായത്തിൽ കിഫ്ബിയുടെ ധനസഹായത്തോടെ തീരദേശ വികസന കോർപ്പറേഷൻ നിർവ്വഹണ ഏജൻസിയായിട്ടുള്ള പനച്ചമൂട് മത്സ്യ മാർക്കറ്റ് നവീകരണ പ്രവൃത്തി നാളിതുവരെ ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ കാര്യകാരണ സഹിതമുള്ള വിവരം ലഭ്യമാക്കാമോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. പനച്ചമൂട് മത്സ്യ മാർക്കറ്റ് ഉൾപ്പെടെയുള്ള എല്ലാ മത്സ്യ മാർക്കറ്റുകളുടേയും നവീകരണത്തിന് കിഫ്ബി അനുവദിച്ച ഫണ്ട് ലോണായി കണക്കാക്കി തിരിച്ചടവു വ്യവസ്ഥ ബാധകമാക്കിയിരുന്നു. പനച്ചമൂട് മത്സ്യ മാർക്കറ്റിന് ധനാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ പൊളിച്ചു മാറ്റൽ പ്രക്രിയ പൂർത്തിയാക്കിയിട്ടുണ്ടെന്നും തിരിച്ചടവു വ്യവസ്ഥ ബാധകമാക്കിയതിനാൽ, തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല എന്നും ടി വ്യവസ്ഥ ഒഴിവാക്കുന്നതിന് വെള്ളറട ഗ്രാമപഞ്ചായത്ത് സെക്രട്ടറി അഭ്യർത്ഥിട്ടുണ്ടെന്നും പദ്ധതി നിർവ്വഹണ ഏജൻസിയായ കേരളാ സ്റ്റേറ്റ് കോസ്റ്റൽ ഏരിയാ ഡെവലപ്മെന്റ് കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്. ഇക്കാര്യം പരിഗണനയിലാണ്. |
| (ബി) | പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുമ്പോൾ പദ്ധതി അടങ്കൽ തുക തിരിച്ചടവ് എന്ന നിബന്ധന ഇല്ലായിരുന്നു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തീരുമാനപ്രകാരം പദ്ധതി അടങ്കൽ തുക തിരിച്ചടവ് പൂർണ്ണമായും ഒഴിവാക്കിനൽകി എത്രയും വേഗം പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; | (ബി) | 29-06-2018-ലെ സ.ഉ (സാധാ) നം.535/2018/ മ.ഉ.വ നമ്പർ ഭരണാനുമതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ, 5 മത്സ്യ മാർക്കറ്റുകളുടെ നവീകരണത്തിന് പദ്ധതി നിർവ്വഹണ ഏജൻസിയായ കേരളാ സ്റ്റേറ്റ് കോസ്റ്റൽ ഏരിയാ ഡെവലപ്മെന്റ് കോർപ്പറേഷൻ സമർപ്പിച്ച വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയിൽ പരിശോധിക്കുകയും 09-08-2020-ലെ ഉത്തരവു പ്രകാരം 3 മത്സ്യ മാർക്കറ്റുകളുടേയും (പനച്ചമൂട് മത്സ്യ മാർക്കറ്റ് - 4,62,82,834/- രൂപ) 09-04-2021-ലെ ഉത്തരവു പ്രകാരം 2 മത്സ്യ മാർക്കറ്റുകളുടേയും നവീകരണത്തിന് ആകെ 15.96 കോടി രൂപയുടെ ധനാനുമതി നൽകുകയും ചെയ്തിരുന്നു. ടി ഉത്തരവിൽ തിരിച്ചടവു വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ, തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും ഫിഷറീസ് വകുപ്പ് സെക്രട്ടറിയും കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി 26-02-2021-ൽ |

| | | | |
|---|---|---|---|
| | | | കൂടിയ യോഗ തീരുമാന പ്രകാരം മത്സ്യ മാർക്കറ്റുകളുടെ നവീകരണ പദ്ധതി 5 ശതമാനം പലിശയോടുകൂടിയ ലോണായി അംഗീകരിക്കുന്നതിനും മൊത്ത വരുമാനത്തിന്റെ മൂന്നിലൊന്ന് വിഹിതം കിഫ്ബിയിൽ തിരിച്ചടക്കുന്നതിനും തീരുമാനം കൈക്കൊള്ളുകയുണ്ടായി. ആയതിൻ പ്രകാരം 09-04-2021-ലെ ധനാനുമതി ഉത്തരവിൽ ടി വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഡി.എസ്.ആർ-ലുണ്ടായ മാറ്റത്തെത്തുടർന്ന് 5 മത്സ്യ മാർക്കറ്റുകൾക്കുമായി പദ്ധതി നിർവ്വഹണ ഏജൻസി സമർപ്പിച്ച പുതുക്കിയ റിപ്പോർട്ട് കിഫ്ബിയിൽ പരിശോധിക്കുകയും ആകെ 18.38 കോടി രൂപ (പനച്ചമൂട് മത്സ്യ മാർക്ക്റ്റ്-5,35,77,000/- രൂപ) അനുവദിച്ചുകൊണ്ട് പുറപ്പെടുവിച്ച 15-03-2022-ലെ ധനാനുമതി ഉത്തരവിൽ 09-08-2020-ലേയും 09-04-2021-ലേയും ഉത്തരവുകളിലെ എല്ലാ വ്യവസ്ഥകളും ബാധകമാക്കിയിട്ടുണ്ട്. ആയതിനാൽ, പനച്ചമൂട് മത്സ്യ മാർക്കറ്റിനും തിരിച്ചടവു വ്യവസ്ഥ ബാധകമാണ്. എന്നാൽ, ടി വ്യവസ്ഥയിൽ നിന്നും പനച്ചമൂട് മത്സ്യ മാർക്കറ്റിനെ ഒഴിവാക്കണമെന്ന ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ യോഗ തീരുമാനം കിഫ്ബിയുടെ പരിഗണനയ്ക്കായി പദ്ധതി നിർവ്വഹണ ഏജൻസി സമർപ്പിച്ചിരുന്നതും ടി വ്യവസ്ഥ അംഗീകരിക്കുന്ന മത്സ്യ മാർക്കറ്റ് പദ്ധതികളുമായി മുന്നോട്ടു പോകുന്നതിന് കിഫ്ബി കൈക്കൊണ്ട പൊതുവായ തീരുമാനം എസ്.പി.വി-യെ അറിയിക്കുകയും ചെയ്തിരുന്നു. |
| (സി) | പദ്ധതിക്കായി മാർക്കറ്റിലെ 20 ലക്ഷത്തോളം രൂപയുടെ മൂല്യമുള്ള കെട്ടിടങ്ങളും വ്യാപാരികളുടെ സ്റ്റാളുകളും, മരങ്ങളും ഗ്രാമപഞ്ചായത്ത് മുറിച്ചു മാറ്റി നൽകിയിട്ടും പദ്ധതി ആരംഭിക്കാത്തതിനാൽ പൊതുജനങ്ങൾക്കും കച്ചവടക്കാർക്കും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; വിവരം ലഭ്യമാക്കാമോ? | (സി) | ലോൺ തിരിച്ചടവു വ്യവസ്ഥ അംഗീകരിക്കുന്ന മത്സ്യ മാർക്കറ്റ് പദ്ധതികളുമായി മുന്നോട്ടു പോകുന്നതിന് പദ്ധതി നിർവ്വഹണ ഏജൻസിയ്ക്ക് ഇതിനോടകം നിർദ്ദേശം നൽകിയിട്ടുള്ളതിനാലും പൊളിച്ചുമാറ്റൽ പ്രക്രിയ പൂർത്തീകരിച്ചിട്ടുള്ളതിനാലും തുടർനടപടികൾ സ്വീകരിക്കേണ്ടത് പദ്ധതി നിർവ്വഹണ ഏജൻസിയാണ്. പ്രവൃത്തി നടപ്പാക്കലുമായി ബന്ധപ്പെട്ട ഏതെങ്കിലും ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് പദ്ധതി നിർവ്വഹണ ഏജൻസി കിഫ്ബിയോട് ആവശ്യപ്പെടുന്ന പക്ഷം ആയത് പരിശോധിച്ച് നിലവിലെ ചട്ടങ്ങൾക്കനുസൃതമായി കിഫ്ബി നിർദ്ദേശം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ